(ബി) ഇതിൽ ഏത് തീയതിവരെയുള്ളവർക്ക് 30-4-2005 വരെ കണക്ഷൻ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഇനി എത്ര ഉപഭോക്താക്കൾക്ക് 2005 ഡിസംബർ 31-ന് മുമ്പ് കണക്ഷൻ നൽകാനാവുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 30-6-2005 വരെ 306597 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) നോർമൽ ടാർജറ്റഡ് വെതർ പ്രൂഫ് കണക്ഷൻ ജൂലൈ 2004 വരെയുള്ളവർക്കും നോർമൽ ടാർജറ്റഡ് ഓവർഹെഡ് കണക്ഷൻ ജൂലൈ 1999 വരെയുള്ളവർക്കും നൽകിക്കഴിഞ്ഞു.

(സി) നോർമൽ ടാർജറ്റഡ് വെതർ പ്രൂഫ് കാറ്റഗറിയിൽ 30-4-2005 വരെ അപേക്ഷിച്ചവർക്കും നോർമൽ ടാർജറ്റഡ് ഓവർഹെഡ് കാറ്റഗറിയിൽ 31-12-2003 വരെ അപേക്ഷിച്ചവർക്കും കണക്ഷൻ നൽകുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

വൈദ്യുതി പ്രസരണ നഷ്ടം

44 [355] *ഡോ. കെ. സി. ജോസഫ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി പ്രസരണ നഷ്ടം എത്രയാണെന്നു കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്രയാണ്;

(ബി) വൈദ്യുതിയുടെ പ്രസരണ നഷ്ടം ദേശീയതലത്തിൽ എത്രയാണ്;

(സി) സംസ്ഥാനത്തിലെ വൈദ്യുതി പ്രസരണ നഷ്ടത്തിനുള്ള കാരണങ്ങൾ എന്തൊക്കെയെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(ഡി) വൈദ്യുതി പ്രസരണ നഷ്ടം കുറച്ചുകൊണ്ടുവരുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളുവാൻ ഉദ്ദേശിച്ചിട്ടുള്ളത്;

(ഇ) വൈദ്യുതി പ്രസരണ വിതരണ രംഗങ്ങളിൽ എന്തെല്ലാം പരിഷ്കാരങ്ങൾ ആണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) ഉണ്ട്. 2004-2005 വർഷം സംസ്ഥാനത്തെ വൈദ്യുതി പ്രസരണ നഷ്ടം 5.07 എം.യു. ആയിരുന്നു. ഏപ്രിൽ 2005-ൽ ഇത് 4.51 എം.യു. ആയും മേയ് 2005-ൽ ഇത് 4.77 എം.യു. ആയും കുറഞ്ഞു. ഇതു സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി† ചേർക്കുന്നു.

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ദേശീയ തലത്തിൽ 2003-04-ൽ പ്രസരണ വിതരണ നഷ്ടം 32.53% ആയിരുന്നു. ഇതിൽ 5% പ്രസരണ നഷ്ടമാണ്.

(സി) പ്രസരണ വിതരണ നഷ്ടം ഉണ്ടാകുവാൻ താഴെ പറയുന്നവ കാരണമാകുന്നു.

(i) വൈദ്യുതി ഉത്പാദന കേന്ദ്രവും ലോഡ് സെന്ററുകളും തമ്മിലുള്ള ദൂരം കൂടുതൽ

(ii) എച്ച്.ടി.-എൽ.ടി. അനുപാതം കൂടുതൽ (1:6)

(iii) വൈദ്യുതി പ്രസരണ ലൈനുകളുടെയും ട്രാൻസ്ഫോർമറുകളുടെയും ഓവർലോഡിംഗ്

(iv) കേടായ മീറ്ററുകളും വൈദ്യുതി മോഷണവും നഷ്ടം ഉണ്ടാക്കുന്നു.

(v) വൈദ്യുതി കമ്പികളിൽ തട്ടികിടക്കുന്ന വൃക്ഷശാഖകൾ

(ഡി) വൈദ്യുതി പ്രസരണ നഷ്ടം കുറയ്ക്കുന്നതിനായി പുതിയ സബ്സ്റ്റേഷനുകളുടെ നിർമ്മാണം നിലവിലുള്ള സബ്സ്റ്റേഷനുകളുടെ ശക്തി വർദ്ധിപ്പിക്കൽ, കപ്പാസിറ്റർ ബാങ്ക് സ്ഥാപിക്കൽ, പഴയ ലൈനുകളുടെ റീകണ്ടക്ടറിംഗ് മുതലായ പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്.

(ഇ) വൈദ്യുതി പ്രസരണ രംഗത്തെ പരിഷ്കരണത്തിന്റെ ഭാഗമായി 11 കെ.വി. ഫീഡറുകളിൽ, ഫീഡർ/ബോർഡർ മീറ്റർ സ്ഥാപിക്കൽ, നിലവിലുള്ള സബ്സ്റ്റേഷനുകളിൽ കംപ്യൂട്ടർവൽകൃത ഡാറ്റാ ലോഗ്ഗിംഗ് എന്നിവ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

വിതരണശൃംഖല മെച്ചപ്പെടുത്തുന്നതിനായി എ.പി.ഡി.ആർ.പി. പദ്ധതി പ്രകാരം 3 ജില്ലകളിലും 46 ഠൗണുകളിലുമായി സിസ്റ്റം ഇംപ്രൂവ്മെന്റ് പ്രവർത്തികളും തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് സിറ്റികളിൽ ഡിസ്ട്രിബ്യൂഷൻ ഓട്ടോമേഷൻ വർക്കുകളും നടപ്പിലാക്കിവരുന്നു. എച്ച്.ടി.-എൽ.ടി. അനുപാതം 1:4 എത്തിക്കാൻ വേണ്ട നടപടികൾ എടുത്തുവരുന്നു.

കൂടാതെ ഗ്രാമീണ വൈദ്യുതീകരണത്തിനായി താഴെ പറയുന്ന പദ്ധതികളും നടപ്പിലാക്കിവരുന്നു.

(1) പ്രോജക്ട് ഇന്റൻസീവ് ഇലക്ട്രിഫിക്കേഷൻ (പി.ഐ.ഇ.)

(2) സ്പെഷ്യൽ പ്രോജക്ട് അഗ്രിക്കൾച്ചർ (എസ്.പി.എ.)

(3) പ്രധാനമന്ത്രി ഗ്രാമീൺ വൈദ്യുതീകരൺ യോജന (പി.എം.ജി.വൈ.)

(4) രാജീവ് ഗാന്ധി ഗ്രാമീൺ വൈദ്യുതീകരൺ യോജന (ആർ.ജി.ജി.വി.വൈ.)

LIBRARY ARCHIVES Kerala Legislative Assembly